# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 253 — 20/12/2012 ൽ മറുപടിക്ക്

## പൊതു വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി:<br>ശ്രീ. എ.കെ.ബാലൻ:<br>ശ്രീ. എ.എം.ആരിഫ്:<br>ശ്രീ. ബാബു.എം.പാലിശ്ശേരി: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട നിലപാടുകളുമായി മുന്നോട്ടുപോകാൻ നടപടി സ്വീകരിക്കുമോ; | എ) | പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഒരു പ്രവർത്തനങ്ങളിൽ നിന്നും പിന്നോട്ടു പോകാൻ സർക്കാർ ആലോചിക്കുന്നില്ല. കൂടുതൽ ഫലപ്രദമായ പദ്ധതികളും പരിപാടികളുമാണ് സർക്കാരിന്റെ മുന്നിലുള്ളത്. അദ്ധ്യാപക പാക്കേജിന്റെ ഭാഗമായ അധ്യാപകരുടെ പ്രൊഫഷണൽ എൻറിച്ചുമെന്റ് പ്രോഗ്രാം അതിന് ഉദാഹരണമാണ്. |
| ബി) | പാഠ്യപദ്ധതി പരിഷ്കാരം, അധ്യാപക പരിശീലനം, സ്കൂൾ നടത്തിപ്പിലെ ജനപങ്കാളിത്തം തുടങ്ങിയവ കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇവ ദുർബലപ്പെടാനിടയാക്കിയ ഇപ്പോഴത്തെ നടപടികളിൽ നിന്നും പിന്തിരിയുമോ; | ബി) | 2007-ൽ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രതിഫലനങ്ങൾ പരിശോധിച്ച് 2012-2013-ൽ കൂടുതൽ മെച്ചപ്പെട്ട പാഠ്യപദ്ധതിയ്ക്ക് രൂപം നൽകാൻ ആലോചിച്ചു വരുന്നു. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിലൂടെ സ്കൂൾ നടത്തിപ്പിലെ ജനപങ്കാളിത്തം ശക്തിപ്പെടുത്താൻ കഴിയും. |
| സി) | പൊതുവിദ്യാഭ്യാസത്തിന്റെ കാര്യക്ഷമതയും ഗുണമേന്മയും ഉയർത്തിക്കൊണ്ടു വരാൻ സമഗ്രവും ആസൂത്രിതവുമായ പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | സി) | പൊതു വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനാണ് അധ്യാപകരുടെ പ്രൊഫഷണൽ എൻറിച്ചുമെന്റ് പ്രോഗ്രാം, പാഠ്യപദ്ധതി പരിഷ്ക്കരണം, പ്രീ-സർവ്വീസ് അധ്യാപക പാഠ്യപദ്ധതി പരിഷ്ക്കരണം, ഇംഗ്ലീഷ്, അറബിക് വിഷയങ്ങളുടെ പഠനത്തിനായി ഐ.സി.റ്റി. അധിഷ്ഠിത പരിപാടി തുടങ്ങിയവ സംഘടിപ്പിച്ചിട്ടുള്ളത്. ഗണിത പഠനം ശക്തിപ്പെടുത്തുന്നതിനുള്ള ന്യൂ മാത്സ് പദ്ധതി പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ